**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 374** **05-12-2022 - ൽ മറുപടിയ്ക്ക്**

**ഗ്രാമ വികസന വകുപ്പിലെ ക്ലാർക്ക് മാരുടെ പുനർ വിന്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമ വികസന വകുപ്പിലെ ക്ലാർക്കുമാരേയും, സീനിയർ ക്ലാർക്കുമാരേയും അതത് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തിൽ ഒഴിവുള്ള പുനർവിന്യസ തസ്തികയിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പ് ഉൾപ്പടെയുള്ള 19 വകുപ്പുകളിൽ നിന്നുള്ള ക്ലർക്ക് തസ്തികകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക്പുനർവിന്യസിച്ചുകൊണ്ട് 04/07/2000-ലെ സ.ഉ.(അ)നം. 187/2000/ എൽഎസ്ജിഡി പ്രകാരം ഉത്തരവായിരുന്നു. തുടർന്ന്പുനർവിന്യാസം പുനഃക്രമീകരിച്ചു കൊണ്ട് സ.ഉ.(സാധാ)നം.2082/ 2019/ തസ്വഭവ, തീയതി 26.09.2019 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജീവനക്കാർ സമർപ്പിക്കുന്ന ഓപ്ഷൻ പ്രകാരമാണ് ഗ്രാമവികസന വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ നിന്നും ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികയിലുള്ള ജീവനക്കാരെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക്പുനർവിന്യസിക്കുന്നത്. |
| (ബി) | പ്രസ്തുത പുനർ വിന്യാസം വഴി ബ്ലോക്ക് പഞ്ചായത്തുകളിൽ നിയമിക്കപ്പെടേണ്ട ക്ലാർക്കുമാരുടെ സേവനം വകുപ്പ് പഞ്ചായത്തുകൾക്ക് വിട്ടുനൽകുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | സ.ഉ.(സാധാ)നം.2082/2019/തസ്വഭവ, തീയതി 26.09.2019 പ്രകാരം വിവിധ വകുപ്പികളിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പുനർവിന്യാസം പുനഃക്രമീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തസ്തികകൾ പൂർണ്ണമായും ചില വകുപ്പുകൾ പുനർവിന്യസിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഗ്രാമ വികസന വകുപ്പിലെ ക്ലാർക്കുമാരേയും സീനിയർ ക്ലാർക്കുമാരേയും മറ്റ വകുപ്പുകളിലേക്ക് പുനർ വിന്യാസം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | സ.ഉ.(സാധാ)നം.2082/2019/തസ്വഭവ, തീയതി 26.09.2019 പ്രകാരം നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പ് ഉൾപ്പടെയുള്ള 19 വകുപ്പുകളിൽ നിന്നും ക്ലാർക്കുമാരെയും സീനിയർ ക്ലാർക്കുമാരെയും ജീവനക്കാർ സമർപ്പിക്കുന്ന ഓപ്ഷൻ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കാണ് പുനർവിന്യസിച്ചു വരുന്നത്.<br><br>തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള ഗ്രാമവികസന വകുപ്പ് ഉൾപ്പടെയുള്ള 5 വകുപ്പുകൾ |

| | | | |
|---|---|---|---|
| | | | ഏകീകരിച്ചുകൊണ്ട് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്നിട്ടുണ്ട്. സ.ഉ.(സാധാ)നം.2082/2019/തസ്വഭവ, തീയതി 26.09.2019 പ്രകാരം വിവിധ വകുപ്പുകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ക്ലാർക്കുമാരെ പുനർവിന്യസിക്കുന്ന വിഷയം പുനപരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ഏകീകൃത വകുപ്പ് രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഗ്രാമവികസന വകുപ്പിന്റെ 11 പുനർവിന്യാസ ക്ലറിക്കൽ തസ്തികകൾ സംബന്ധിച്ച വിഷയം ഇതോടൊപ്പം പരിശോധിക്കുന്നതാണ്. |
| (ഡി) | ഇപ്രകാരം പുനർവിന്യാസം വഴി നിയമിക്കപ്പെടുന്ന ക്ലാർക്ക് തസ്തിക ഗ്രാമ വികസന വകുപ്പിന്റെ കേഡർ തസ്തികയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സ.ഉ.(സാധാ)നം.2082/2019/തസ്വഭവ, തീയതി 26.09.2019 പ്രകാരം നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പ് ഉൾപ്പടെയുള്ള 19 വകുപ്പുകളിൽ നിന്നും ക്ലാർക്കുമാരെയും സീനിയർ ക്ലാർക്കുമാരെയും ജീവനക്കാർ സമർപ്പിക്കുന്ന ഓപ്ഷൻ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കാണ് പുനർവിന്യസിച്ചു വരുന്നത്.<br><br>തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള ഗ്രാമവികസന വകുപ്പ് ഉൾപ്പടെയുള്ള 5 വകുപ്പുകൾ ഏകീകരിച്ചുകൊണ്ട് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്നിട്ടുണ്ട്. സ.ഉ.(സാധാ)നം.2082/2019/തസ്വഭവ, തീയതി 26.09.2019 പ്രകാരം വിവിധ വകുപ്പുകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ക്ലാർക്കുമാരെ പുനർവിന്യസിക്കുന്ന വിഷയം പുനപരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ഏകീകൃത വകുപ്പ് രൂപീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഗ്രാമവികസന വകുപ്പിന്റെ 11 പുനർവിന്യാസ ക്ലറിക്കൽ തസ്തികകൾ സംബന്ധിച്ച വിഷയം ഇതോടൊപ്പം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ